**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

## (സാമൂഹ്യസേവനം)
## (SOCIAL SERVICES)

**2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236 -ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th July , 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

**2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236 -ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

[Under Rule 236 (5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1015/2024.

<u>ഉള്ളടക്കം</u>


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2023-2026)

**ഘടന**

<u>ചെയർമാൻ :</u>

ശ്രീ. ഒ. ആർ. കേളു,

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം :</u>

ഡോ. ആർ. ബിന്ദു,

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് 2024 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഒ. ആർ. കേളു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2024, ജൂലൈ 8.

# റിപ്പോർട്ട്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും .

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

## പട്ടികജാതി വികസന വകുപ്പ്

ഖണ്ഡിക -1

2225-01-102-97—പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

വാർഷിക വരുമാനം 1,00,000 രൂപ വരെയുള്ള പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനുവേണ്ടി ഓരോ കുടുംബത്തിനും 75,000 രൂപ സാമ്പത്തിക സഹായം നൽകി വന്നിരുന്ന പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായ തുക 1,25,000 രൂപയായി വർദ്ധിപ്പിച്ചതിൻ പ്രകാരം ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ടി ഇനത്തിൽ പതിനായിരത്തോളം അപേക്ഷകൾ നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 40.61 കോടി രൂപ അധികമായി ധനപുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വിവാഹധനസഹായം അനുവദിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം 84.39 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2225-01-102-97 - (പ്ലാൻ) ശീർഷകത്തിൽ BAMS-ൽ തുക ചെലവഴിക്കാൻ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആകെ 16,87,00,000 രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 1520 ഗുണഭോക്താക്കൾക്കായി 15,03,50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷ സമർപ്പിച്ചിട്ടുള്ള 1500-ൽ അധികം പേർക്ക് ധനസഹായം അനുവദിക്കേണ്ടതുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി 20 കോടി രൂപയുടെ പ്രൊപ്പോസൽ ആദ്യ ബാച്ച് Supplementary Demand for Grant മുഖേന സമർപ്പിച്ചിരുന്നുവെങ്കിലും ശീർഷകത്തിൽ മതിയായ ഫണ്ട് ഉണ്ടെന്ന കാരണത്താൽ ആയത് പരിഗണിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 12-12-2023-ലെ എഫ്2/229/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -2

2225-01-102-91—വാത്സല്യനിധി

വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ 2016-17 വർഷം മുതൽ ജനിച്ച പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഇൻഷുറൻസ് അധിഷ്ഠിത പദ്ധതിപ്രകാരം 10500-ൽ അധികം കുട്ടികളുടെ ആദ്യ ഗഡു തുക എൽ.ഐ.സി.-ക്ക് കൈമാറുന്നതിനും നിലവിൽ ഒന്നാം ഗഡു അനുവദിച്ചവർക്ക് രണ്ടാം ഗഡു നിക്ഷേപിക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ 2016-17 വർഷം മുതൽ ജനിച്ച പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ഇൻഷുറൻസ് അധിഷ്ഠിത പദ്ധതിയായ വാൽസല്യനിധിയ്ക്കായി നടപ്പുസാമ്പത്തിക വർഷം 10 കോടി രൂപയാണ് 2225-01-102-91(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. 1-6-2020-ന് ശേഷം വാത്സല്യനിധി പദ്ധതിയിൽ നിന്നും PMJJBY പോളിസി ഒഴിവാക്കിയതിനെ തുടർന്ന്, പദ്ധതിയുടെ ഭാഗമാകുന്ന പെൺകുട്ടികളുടെ ആദ്യ രക്ഷിതാവിന് മരണം / അംഗവൈകല്യം സംഭവിച്ചാലുള്ള ഇൻഷുറൻസ് ആനുകൂല്യം ലഭിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. പെൺകുട്ടിയുടെ ഒന്നാം രക്ഷിതാവിന് മരണം / അംഗവൈകല്യം സംഭവിച്ചാൽ ലഭിക്കുമായിരുന്ന ഇൻഷുറൻസ് തുകയും, പെൺകുട്ടിയുടെ സഹോദരനോ സഹോദരിക്കോ ലഭിക്കുമെന്നുണ്ടായിരുന്ന സ്കോളർഷിപ്പും PMJJBY പദ്ധതിയുടെ ഭാഗമായാണ് നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നത്. കേന്ദ്ര സർക്കാർ PMJJBY പദ്ധതി 1-6-2020 മുതൽ നിർത്തലാക്കിയതിനാൽ വാത്സല്യനിധി പദ്ധതിയുടെ പ്രധാന ആകർഷണീയത നഷ്ടപ്പെടുകയുണ്ടായി. മേൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. നിലവിൽ 14,259 പെൺകുട്ടികൾക്കായി 55,61,01,000 (അമ്പത്തഞ്ചു കോടി അറുപത്തൊന്നു ലക്ഷത്തി ആയിരം രൂപാ മാത്രം) എൽ.ഐ.സി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ നടപ്പു സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ചിട്ടില്ലാത്തതിനാൽ അധിക തുക ഇതുവരെ ആവശ്യമായി വന്നിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 14-12-2023-ലെ നമ്പർ SCSTDD-B2/114/2023-SCSTDD നമ്പർ കത്ത്]

ഖണ്ഡിക -3

2225-01-277-58 (പ്ലാൻ)—വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മെസ് ചാർജിനത്തിൽ അനുവദിക്കുന്ന തുകയിൽ 25% വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുകയാണ് നിലവിൽ അനുവദിച്ച് വരുന്നത്. ആയതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം 2225-01-277-58 - (പ്ലാൻ) ശീർഷകത്തിൽ അനുവദിച്ച 14 കോടി രൂപയിൽ 13.99 കോടി രൂപ ചെലവഴിച്ചിരുന്നു. ടി ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബില്ലുകൾ പൂർണ്ണമായും മാറാൻ കഴിഞ്ഞിരുന്നില്ല. നടപ്പു സാമ്പത്തിക വർഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 13 കോടി രൂപ 2024 മാർച്ച് 31 വരെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് അപര്യാപ്തമാണ്. സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2225-01-277-58(പ്ലാൻ) ശീർഷകത്തിൽ 2 കോടി രൂപയുടെ പ്രൊപ്പോസൽ ആദ്യ SDG മുഖേന സമർപ്പിച്ചിരുന്നു. SDG-യ്ക്കായി (Supplementary Demand for Grants) അഭ്യർത്ഥിച്ച ശീർഷകങ്ങളിൽ പര്യാപ്തമായ തുകയുണ്ടെന്ന് ചൂണ്ടിക്കാട്ടി വകുപ്പിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസൽ ആദ്യ ബാച്ച് SDG-യിൽ ഉൾപ്പെടുത്തിയില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 14-12-2023-ലെ നമ്പർ SCSTDD-B2/114/2023-SCSTDD നമ്പർ കത്ത്]

ഖണ്ഡിക - 4

2225-01-277-54 —പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

പാലക്കാട് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കുമുള്ള തുക പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നത്. ടി തുക നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പാലക്കാട് മെഡിക്കൽ കോളേജിന്റെ 2023-24 സാമ്പത്തിക വർഷത്തെ ഭരണ ചെലവുകൾക്കായി Additional Authorization വഴി 36 കോടി രൂപയുടെ പ്രൊപ്പോസൽ അനുമതിക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭ്യമായില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 18-6-2024-ലെ എഫ്1/112/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക -5</u>

2225-01-277-53—<u>പോസ്റ്റ്മെട്രിക് സ്റ്റുഡന്റ്സിനുള്ള അധികസംസ്ഥാന സഹായം</u>

പട്ടികജാതിവിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം ഏകദേശം 1,85,000 വിദ്യാർത്ഥികൾ അപേക്ഷിക്കുന്നുണ്ട്. ഇതിൽ 2.5 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാന പരിധിയിലുള്ള 1,26,000 വിദ്യാർത്ഥികൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നവരാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് സംസ്ഥാന ധനസഹായം നൽകുന്നതിനും, കേന്ദ്ര സഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന ധനസഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനും, കൂടാതെ ഇരുവിഭാഗത്തിനും ലംപ്സം ഗ്രാന്റ്, ഫെലോഷിപ്പ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകുന്നതിനും ആവശ്യമായ അധിക തുക അനുവദിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 215 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 103 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 112 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 വർഷം 2225-01-277-53 (പ്ലാൻ) ശീർഷകത്തിൽ 103 കോടി രൂപ വകയിരുത്തുകയും ഇതിൽ 102.99 കോടി രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ അവശേഷിക്കുന്ന ക്ലെയിം നൽകുന്നതിനാവശ്യമായ 81.23 കോടി രൂപയുടെ പ്രൊപ്പോസൽ Additional Authorization വഴി സമർപ്പിക്കുകയും, ധനകാര്യ വകുപ്പ് G.O.(Rt) No. 6501/2023/Fin. Dt 13-9-2023 പ്രകാരം 25,00,00,000 രൂപ (ഇരുപത്തി അഞ്ചു കോടി രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 16-12-2023-ലെ എ 2/173/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -6

2225-01-282-96-34-3—ആരോഗ്യ സംരക്ഷണ പദ്ധതി / മറ്റ് ചെലവുകൾ - മറ്റിനം

മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധനസഹായവും ഏകവരുമാനദായകൻ മരണമടഞ്ഞ പട്ടികജാതി കുടുംബങ്ങൾക്ക് 2,00,000 രൂപ വരെ ധനസഹായവും അനുവദിച്ചുവരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലമുള്ള മുൻ വർഷങ്ങളിലെ കുടിശ്ശികയും അപേക്ഷകരുടെ ക്രമാതീതമായ വർദ്ധനവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മാരക രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധനസഹായവും ഏകവരുമാനദായകൻ മരണമടഞ്ഞ പട്ടികജാതി കുടുംബങ്ങൾക്ക് 2,00,000 രൂപ വരെ ധനസഹായവും അനുവദിച്ചുവരുന്നു. നടപ്പു സാമ്പത്തിക വർഷം 48.725 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. 20 കോടി രൂപയുടെ പ്രൊപ്പോസൽ ആദ്യ ബാച്ച് Supplementary Demand for Grant മുഖേന സമർപ്പിച്ചിരുന്നുവെങ്കിലും ശീർഷകത്തിൽ മതിയായ ഫണ്ട് ഉണ്ടെന്ന കാരണത്താൽ ആയത് പരിഗണിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 12-12-2023-ലെ എഫ്2/229/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -7

2225-01-283-89—ഭവനരഹിതർക്ക് ഭവനം

ഭവന പൂർത്തീകരണ പദ്ധതി സേഫ് എന്ന പേരിൽ സഹായ തുക 2,00,000 രൂപയായി വർദ്ധിപ്പിച്ചു നടപ്പിലാക്കിയതിനാലും പഠന മുറി, ഭവന പൂർത്തീകരണം, സ്പിൽ ഓവർ വീടുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനും നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പഠന മുറി പദ്ധതി, സേഫ് പദ്ധതി, ഭവന പൂർത്തീകരണം (സ്പിൽ ഓവർ), ഭവന നിർമ്മാണം (സ്പിൽ ഓവർ) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം 205 കോടി രൂപയാണ് വകയിരുത്തിയത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ സമിതി ശിപാർശ പ്രകാരം 2225-01-283-89(പ്ലാൻ) ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ടി ശീർഷകത്തിൽ 205 കോടി രൂപ അനുവദിച്ചതിൽ 101.15 കോടി രൂപ മാത്രമേ ചെലവായിട്ടുള്ളൂ എന്ന കാരണത്താൽ ടി നിർദ്ദേശം 2023-24 അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട് എന്ന വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പിന്റെ 6-6-2024-ലെ സി2/212/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക -8</u>

2225-01-800-86—<u>1955 -ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്ര സഹായം)</u>

മിശ്രവിവാഹ ധനസഹായവും അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായവും ഫണ്ടിന്റെ അപര്യാപ്തത കാരണം യഥാസമയം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം ഉള്ളതായി സമിതി മനസ്സിലാക്കുന്നു. അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ 19 കോടി രൂപയിലധികവും മിശ്രവിവാഹ ധനസഹായ കുടിശ്ശിക വിതരണം ചെയ്യുന്നതിന് 35 കോടി രൂപയിലധികവും ആവശ്യമാണ്.

ഗുണഭോക്താക്കൾക്ക് യഥാസമയം ധനസഹായം അനുവദിക്കേണ്ടതിനാൽ 2225-01-800-86-01 എന്ന ശീർഷകത്തിൽ 9.22 കോടി രൂപയും 2225-01-800-86-02 എന്ന ശീർഷകത്തിൽ 9.22 കോടി രൂപയും ഉൾപ്പെടെ 18.44 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മിശ്രവിവാഹ ധനസഹായം, അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം എന്നീ പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം ആകെ 23.56 കോടി രൂപയാണ് 2225-01-800-86 (പ്ലാൻ) ശീർഷകത്തിൽ ബജറ്റ് വിഹിതമായി

വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഫണ്ടിന്റെ ലഭ്യത കുറവ് മൂലം നാളിതുവരെ ലഭ്യമായവയിൽ 6,300-ൽ കൂടുതൽ മിശ്രവിവാഹ അപേക്ഷകൾക്കും, അതിക്രമം തടയൽ നിയമ പ്രകാരം ലഭ്യമായ എഫ്.ഐ.ആർ./ചാർജ്ജ് ഷീറ്റ് പ്രകാരം 2461 അപേക്ഷകൾക്കും ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ പദ്ധതികൾ രണ്ടിനുമായി ഏകദേശം 50 കോടിയിലധികം രൂപ നടപ്പു സാമ്പത്തിക വർഷം ആവശ്യമായി വരുന്നുണ്ട്. സമിതി ശിപാർശ ചെയ്തതിൻ പ്രകാരം ആദ്യ SDG മുഖേന 30 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. SDG-യ്ക്കായി (Supplementary Demand for Grants) അഭ്യർത്ഥിച്ച ശീർഷകങ്ങളിൽ പര്യാപ്തമായ തുകയുണ്ടെന്ന് ചൂണ്ടിക്കാട്ടി വകുപ്പിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസൽ ആദ്യ ബാച്ച് SDG-യിൽ ഉൾപ്പെടുത്തിയില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 14-12-2023-ലെ നമ്പർ SCSTDD-B2/114/2023-SCSTDD നമ്പർ കത്ത്]

ഖണ്ഡിക - 9

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമായിരിക്കെ പ്രസ്തുത ആവശ്യത്തിനായി എല്ലാ വർഷവും ബജറ്റിൽ 16 കോടി രൂപ മാത്രമാണ് വകയിരുത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇതു കാരണം ഓരോ വർഷത്തെയും സ്കോളർഷിപ്പ് തുക പൂർണ്ണമായികൊടുത്തു തീർക്കുന്നതിന് കഴിയാതെ വരുന്നു. 2018-19 മുതൽ 2022-23 വരെയുള്ള സ്കോളർഷിപ്പ് കുടിശ്ശികയിനത്തിൽ 61.66 കോടി രൂപ വിതരണം ചെയ്യുവാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 45.66 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ജനറൽ വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് പിന്നാക്ക വിഭാഗ വികസന വകുപ്പാണ്. എന്നാൽ പ്രസ്തുത ഉത്തരവുകൾ പ്രകാരം ജനറൽ വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതും തുക വിതരണം ചെയ്യുന്നതും പട്ടികജാതി വികസന വകുപ്പ് മുഖേനയാണ്. ജനറൽ വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധമായ ബഡ്ജറ്റ് ശീർഷകം 2225-80-800-99-12 (നോൺപ്ലാൻ) ആണ്. പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരം പട്ടികജാതി വികസന വകുപ്പിനാണ്.

2018-19 മുതൽ 2022-23 വരെയുള്ള സ്കോളർഷിപ്പ് കുടിശ്ശികയിനത്തിൽ 61.66 കോടി രൂപ വിതരണം ചെയ്യുവാനുണ്ടായിരുന്നു. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയ 16 കോടി രൂപയ്ക്ക് പുറമെ അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമായ 8,78,00,000 രൂപയും 47,49,00,000 രൂപയും ഉൾപ്പെടെ ആകെ 72,27,00,000 രൂപ ലഭ്യമായി. ടി തുകയിൽ നിന്നും സ്കോളർഷിപ്പ് വിതരണത്തിനായി 71,37,28,646 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ 2225-80-800-99-12 (നോൺപ്ലാൻ) ശീർഷകത്തിൽ അധിക തുക ആവശ്യമില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പിന്റെ 3-7-2024-ലെ എ 2/78/2024-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 10

4225-01-277-89—പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം

പാലക്കാട് മെഡിക്കൽ കോളേജിൽ നിലവിൽ നിർമ്മാണം പൂർത്തിയായ വർക്കുകളുമായി ബന്ധപ്പെട്ട് 50 കോടിയുടെ ബില്ലുകൾ പെന്റിംഗിലുള്ളതിനാലും ഇനിയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ളതിനാലും ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള 4225-01-277-89(പ്ലാൻ) ശീർഷകത്തിൽ 30 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ശീർഷകത്തിൽ നീക്കിയിരുപ്പ് ഉണ്ടെന്ന കാരണത്താൽ പരിഗണിച്ചില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 18-6-2024-ലെ എഫ്1/112/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

**പട്ടികവർഗ്ഗ വികസന വകുപ്പ്**

ഖണ്ഡിക - 11

2225-02-102-93—ക്രിട്ടിക്കൽഗ്യാപ്പ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്)

പട്ടികവർഗ്ഗ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളിൽ നിർണ്ണായക സാമ്പത്തിക പദ്ധതിതല വിടവുകൾ ഉണ്ടാകുമ്പോൾ ഒരു ഗ്യാപ് ഫില്ലിംഗ് ആയി പരിപാടികൾ

നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണിത്. 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ പല പദ്ധതികൾക്കും തുക സ്പിൽ ഓവർ ആയി 2023-24 സാമ്പത്തിക വർഷം അനുവദിക്കേണ്ട സാഹചര്യം ഉള്ളതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 2225-02-102-93-ക്രിട്ടിക്കൽഗ്യാപ്പ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്) ശീർഷകത്തിൽ 45 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ലഭ്യമായ 45 കോടി രൂപയിൽ നിന്നും 34,06,78,307 രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 12

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെൻഡും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായി 16,50,00,000 രൂപ അനുവദിച്ചിരുന്നു, ലഭ്യമായ തുകയിൽ നിന്നും 16,49,71,421 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 13

2225-02-277-94-34—ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റു ചെലവുകൾ-മറ്റിനം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 108 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. ടി ഹോസ്റ്റലുകളിലെ ഭക്ഷണ ചെലവുകൾ ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ വർദ്ധിച്ചതിനാലും, 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക

തീർക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായി 8,62,50,000 രൂപ അനുവദിച്ചിരുന്നു. ബജറ്റ് വിഹിതമായി ലഭ്യമായ തുകയിൽ നിന്നും 8,56,70,070 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 14

2225-02-277-73-34—പട്ടികവർഗ്ഗകുട്ടികൾക്കുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ -മറ്റു ചെലവുകൾ

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ദൈനംദിന ചെലവുകൾക്കുള്ള തുക വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. 2022-23 സാമ്പത്തിക വർഷം 3 പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കൂടി ആരംഭിച്ചതിനാൽ ടി ഹോസ്റ്റലുകളിലെ ചെലവുകൾ കൂടി വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 65.54 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭ്യമായ 1,84,46,000 രൂപയിൽ നിന്നും 1,56,63,220 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 15

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

2022-23 സാമ്പത്തിക വർഷത്തെ ബില്ലുകളുടെ കുടിശ്ശിക നൽകുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾക്കും നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായി 5,00,00,000 രൂപ അനുവദിച്ചിരുന്നു. ബജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 3,30,85,763 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക - 16</u>

2225-02-277-40-03—<u>വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും സ്കൂൾ കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള ധനസഹായം</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ 2022-23 വർഷം മുതൽ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ പി.വി.റ്റി.ജി. വിദ്യാർത്ഥികളെയും ഭാരതദർശൻ പഠനയാത്രയ്ക്ക് കൊണ്ടുപോകുന്നതിനായി തീരുമാനിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബജറ്റ് വിഹിതമായി 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ബജറ്റ് വിഹിതമായി ലഭ്യമായ തുകയിൽ നിന്നും 31,83,917 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക - 17</u>

2225-02-282-92—<u>അരിവാൾരോഗത്തിനുള്ള ധനസഹായം</u>

സിക്കിൾസെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിന് ഒറ്റത്തവണ ധനസഹായമായി 2,00,000 രൂപ അനുവദിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമായി 200 രോഗികൾക്ക് ധനസഹായം അനുവദിക്കുന്നതിന്

ഉത്തരവായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ 2.5 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ബഡ്ജറ്റ് വിഹിതമായി ലഭ്യമായ തുകയിൽ നിന്നും 2,01,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 18

2225-02-282-89—ജനനി ജന്മരക്ഷ

പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭാവസ്ഥയിലുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ട് ഗർഭിണിയായ ശേഷമുള്ള മൂന്ന് മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് പൂർത്തിയാകുന്നതുവരെ 2000 രൂപ വീതം ഓരോ മാസവും നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ നിലവിലുള്ള 9426 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശീർഷകത്തിൽ 17 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 11,73,94,543 രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024 ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 19

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ - സഹായധനം - ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.2123 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

26-10-2023 തീയതിയിലെ G.O.(Rt) No.1298/2023/SCSTD നമ്പർ ഉത്തരവ് പ്രകാരം 65,00,000 രൂപയും (അറുപത്തിയഞ്ച് ലക്ഷം രൂപ മാത്രം), 1-1-2024 തീയതിയിലെ G.O.(Rt) No.3/2024/SCSTD നമ്പർ ഉത്തരവ് പ്രകാരം 63,00,000 രൂപയും (അറുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയിലൂടെ കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടേയും ശമ്പള ഇനത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 10-6-2024-ലെ ഇ 2/69/2023/പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

**കിർത്താഡ്സ്**

ഖണ്ഡിക - 20

2225-02-001-95—കിർത്താർഡ്സ്- ഗവേഷണവും പരിശീലനവും

2023-24 സാമ്പത്തിക വർഷത്തേക്ക് സമർപ്പിച്ച വാർഷിക പദ്ധതികളിൽ 145 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 22.92 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. ആയതിനാൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/ 2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 21

2225-02-800-56—ആദികലാ ഗ്രാമം

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആദികലാ കേന്ദ്രം. ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 25.78 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത് ആയതിനാൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 22

2225-80-001-99-04-1—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-യാത്രാ ചെലവുകൾ- യാത്രാബത്ത</u>

വിവിധ താലൂക്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി സംബന്ധമായ കേസുകളുടെ സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്ക് വേണ്ടി അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടി വരുന്നു. മുൻ വർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള യാത്രാബത്ത അനുവദിക്കുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് . പ്രസ്തുത തുക സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക – 23

2225-80-001-99-05-1—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

വെള്ളക്കരം ഇനത്തിൽ വകുപ്പിന് ഒരു വർഷത്തേക്ക് 30,000 രൂപ ആവശ്യമുള്ളതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വെള്ളക്കരം ഇനത്തിൽ

84,000 രൂപ കുടിശ്ശികയുള്ളതിനാലും ഈ ശീർഷകത്തിൽ 1.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 10,000 രൂപയാണ് വകയിരുത്തിയിരുന്നത്. വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന അയ്യങ്കാളി ഭവനിൽ ഒരു ഫീൽഡ് സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. ആയതിന് വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി 84,000 രൂപ ആവശ്യമായിരുന്നെങ്കിലും ആയത് പിന്നീട് പുതുക്കിയതനുസരിച്ച് 8,709 രൂപയായി കുറയുകയുണ്ടായി. ആയതിനാൽ അനുവദിച്ച തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക-24</u>

2225-80-001-99-05-3—<u>കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷൻ, എന്നിവയുടെ ചാർജ്ജിനത്തിൽ 90,000 രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 41,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 49,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഇ-ഓഫീസിന്റെ ഭാഗമായുള്ള KSWAN കണക്ഷൻ ബിൽ അടവാക്കുന്നതിന് അധിക ധനാനുമതിയായി 34,000 രൂപ കൂടെ അനുവദിച്ചിരുന്നു. അപ്രകാരം അനുവദിച്ച 83,000 രൂപയിൽ 79,405 രൂപ ചെലവഴിച്ചു. പ്രസ്തുത സാമ്പത്തിക വർഷം മേൽ പറഞ്ഞ ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 25

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

കിർത്താഡ്സിലെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ, കമ്പ്യൂട്ടർ, പഞ്ചിംഗ് സിസ്റ്റം, ഇന്റർകോം, യു.പി.എസ്. എന്നിവയ്ക്ക് എ.എം.സി. എടുക്കൽ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലേസർ പ്രിന്റർ എന്നിവയുടെ ടോണർ മാറ്റൽ, മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 60,000 രൂപയാണ് വകയിരുത്തിയിരുന്നത്. വകുപ്പിലെ ഭരണ നിർവ്വഹണ ചെലവുകൾ പ്രസ്തുത തുകയ്ക്കും മുകളിലായിരുന്നതിനാൽ അധികധനാനുമതിയായി ലഭിച്ച 20,000 രൂപ സഹിതം 80,000 രൂപയാണ് പ്രസ്തുത ശീർഷകത്തിൽ ലഭിച്ചത്. ടി തുകയിൽ നിന്നും 79,633 രൂപ ചെലവഴിക്കുകയുണ്ടായി.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 26

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - മോട്ടോർവാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

കിർത്താഡ്സ് എല്ലാ വർഷവും സംസ്ഥാനത്തെ പട്ടികവിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ടി പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നു. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനായി ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 23,000 രൂപയാണ് വകയിരുത്തിയിരുന്നത്. വകുപ്പിന്റെ വാഹനങ്ങൾക്ക് നിരന്തരമുണ്ടായ അറ്റകുറ്റപ്പണികൾ കാരണം അധികധനാനുമതിക്കായി ലഭിച്ച പ്രൊപ്പോസൽ പ്രകാരം 50,000 രൂപ അനുവദിക്കുകയും ആകെ തുകയായ 73,000 രൂപയിൽ 56,188 രൂപ ചെലവഴിക്കുകയും ചെയ്തു. പ്രസ്തുത സാമ്പത്തിക വർഷം മേൽ പറഞ്ഞ ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -27

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഔദ്യോഗിക ഭാഷാ പ്രയോഗം

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബജറ്റ് ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 1,000 രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത തുക ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക-28

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-പി.ഒ.എൽ.

വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി

ഉപയോഗിക്കുന്നത് മൂലമുള്ള ഇന്ധന ചെലവ് വഹിക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 70,000 രൂപയാണ് വകയിരുത്തിയിരുന്നത്. ഈ വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടതായുള്ളതിനാൽ അധികാനുമതിയായി 10,000 രൂപ കൂടി ലഭിക്കുകയും ആകെ ലഭിച്ച 80,000 രൂപയിൽ 79,721 രൂപ ചെലവഴിക്കുകയും ചെയ്തു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -29

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -വിവര സാങ്കേതികവിദ്യ

വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും, സോഫ്റ്റ്‌വെയറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 99,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 1,000 രൂപയാണ് വകയിരുത്തിയിരുന്നത്. വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും സോഫ്റ്റ്‌വെയറുകളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും ഇ-ഓഫീസുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെയും ഭാഗമായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചത് പ്രകാരം 99,000 രൂപ അധിക ധനാനുമതിയായി ലഭിക്കുകയും മൊത്തം തുകയായ 1,00,000 രൂപയിൽ 99,648 രൂപ ചെലവഴിച്ചു. പ്രസ്തുത സാമ്പത്തിക വർഷം മേൽ പറഞ്ഞ ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -30

4225-02-800-91—കോഴിക്കോട് ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മെമ്മോറിയൽ മ്യൂസിയം സ്ഥാപിക്കൽ

ട്രൈബൽ ഫ്രീഡം ഫൈറ്റേഴ്സ് മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 6 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത തുകയിൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിൽ നിന്നുള്ള റിലീസ് ഓർഡറിന് ആനുപാതികമായ തുക SNA അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വിഹിതമായി 2,46,86,282 രൂപയും സംസ്ഥാന വിഹിതമായി 50,92,617 രൂപയും SNA അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായി. ആയതിൽ നിന്നും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 1,82,39,965 രൂപ ചെലവഴിക്കുകയും ചെയ്തു. പ്രസ്തുത സാമ്പത്തിക വർഷം മേൽ പറഞ്ഞ ശീർഷകത്തിൽ ആകെ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 2-7-2024-ലെ പി.എം2/119/2023-പ.ജ.പ.വ.വി.വ. നമ്പർ കത്ത്]

**പിന്നോക്ക വിഭാഗ വികസന വകുപ്പ്**

ഖണ്ഡിക-31

2225-03-800-99-35—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻമൂലധന ആസ്തികളുടെ രൂപീകരണം

കമ്മീഷന്റെ e-CDESK എന്ന വെബ് പോർട്ടൽ സംബന്ധിച്ച പ്രവർത്തനത്തിന് സി-ഡിറ്റിന് AMC തുക നൽകുന്നതിനും, കമ്മീഷനിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി കമ്പ്യൂട്ടർ/ലാപ് ടോപ്പ്, സ്കാനർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ വാങ്ങുന്നതിനും ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷന്റെ e-DESK എന്ന വെബ് പോർട്ടൽ പ്രവർത്തനത്തിന് AMC തുക സി-ഡിറ്റിന് നൽകുന്നതിനും കമ്മീഷനിൽ e-office സംവിധാനം നടപ്പിലാക്കുന്നതിനും 5,88,000 രൂപ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക 30-3-2024-ൽ മാത്രമാണ് കമ്മീഷന്റെ മൂലധന ആസ്തികളുടെ രൂപീകരണം സംബന്ധിച്ച ശീർഷകത്തിൽ ലഭിച്ചത്. പ്രസ്തുത ശീർഷകത്തിൽ നിന്ന് തുക resume ചെയ്യുതിനാൽ 2023-24 സാമ്പത്തിക വർഷം ടി തുക വിനിയോഗിക്കാൻ സാധിച്ചിരുന്നില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക -32</u>

2225-03-800-81—<u>ഒ.ബി.സി.-യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് 12,000 രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പ്രസ്തുത പദ്ധതിയുടെ വാർഷികവരുമാന പരിധി 1 ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡു ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം 2023-24 വർഷം ഈ ഇനത്തിൽ ആകെ 12 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി ബജറ്റ് ശീർഷകത്തിൽ നിന്ന് 7,80,000 രൂപ റിലീസ് ചെയ്ത് നൽകി. പ്രസ്തുത തുക പൂർണ്ണമായി ചെലവഴിച്ചു. ബജറ്റ് ശീർഷകത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ ബാക്കി തുക റിലീസ് ചെയ്ത് നൽകുന്നതിന് കഴിഞ്ഞില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക- 33

2225-03-277-99-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ- സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും ഈ ശീർഷകത്തിലെ വിഹിതം ഉപയോഗിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കുകളിൽ വലിയ വർദ്ധനവുണ്ടായിട്ടുള്ള സാഹചര്യത്തിലും ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ടി പദ്ധതി പ്രകാരം 2023-24 വർഷത്തിൽ വകയിരുത്തിയ ബജറ്റ് വിഹിതമായി 182 കോടി രൂപ മുഴുവനും ചെലവഴിച്ചിട്ടുണ്ട്. കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യ നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ളതിനാലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്കുകളിൽ വർദ്ധനവുണ്ടായിട്ടുള്ളതിനാലും ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നിരുന്നു. ആയതിനാൽ ഒ.ബി.സി. പോസ്റ്റ്മെട്രിക്ക് പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിലായി 600 കോടി രൂപ അധിക ധനാനുമതി ആവശ്യപ്പെടുകയും പ്ലാൻ ശീർഷകത്തിൽ 396.41 കോടി രൂപ അധിക ധനാനുമതി അനുവദിക്കുകയും ചെയ്തിരുന്നു. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക-34

4225-03-190-99—കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ

കോർപ്പറേഷൻ 2023-24 സാമ്പത്തിക വർഷം ലക്ഷ്യവിഭാഗങ്ങൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ/സാമൂഹിക പദ്ധതികൾക്ക് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ

ഈ ശീർഷകത്തിൽ 22.853 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കോർപ്പറേഷൻ ലക്ഷ്യവിഭാഗങ്ങൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ/ സാമൂഹിക പദ്ധതികൾക്ക് ബജറ്റ് വിഹിതമായി 2023-24 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 6 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 1 കോടി 50 ലക്ഷം രൂപയാണ് റിലീസ് ചെയ്ത് നൽകിയത്. 4 കോടി 50 ലക്ഷം രൂപ ബജറ്റ് ശീർഷകത്തിൽ അവശേഷിക്കുന്നതിനാൽ കോർപ്പറേഷന് അധിക തുക നൽകിയിട്ടില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക -35</u>

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. ദേശീയ ഏജൻസികളിൽനിന്ന് ലഭിക്കുന്ന തുകയ്ക്ക് 10 ശതമാനം ആനുപാതിക വിഹിതം നൽകേണ്ടതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 44 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് 2023-24 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 16 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ബജറ്റിൽ അനുവദിച്ച് നൽകിയ തുക ധനവ്യയ നിയന്ത്രണങ്ങൾ കാരണം അനുവദിക്കാൻ സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -36

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ- ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ഭാവി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ഉതകുന്ന വരുമാനദായകമായ പദ്ധതികളുടെ നിർവ്വഹണത്തിന് ഈ ശീർഷകത്തിൽ 3.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ കോർപ്പറേഷന് 2023-24 വർഷം 70 ലക്ഷം രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. ആയതിൽ 10.50 ലക്ഷം രൂപ കോർപ്പറേഷൻ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുവാൻ അനുവദിക്കുകയും പ്രസ്തുത തുക 17-11-2023 കോർപ്പറേഷന് PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുള്ളതുമാണ്. 35 ലക്ഷം രൂപ കൂടി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ഉത്തരവാകുകയും ടി തുക കോർപ്പറേഷന്റെ അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നടപടി സ്വീകരിച്ചതുമാണ്.  എന്നാൽ പ്രസ്തുത കാലയളവിൽ ഏർപ്പെടുത്തിയിരുന്ന ട്രഷറി നിയന്ത്രണം മൂലം ടി തുക കോർപ്പറേഷന് നൽകിയിട്ടില്ല. ടി സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത  അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക - 37

4225-03-102-99—കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനവും തൊഴിൽ നവീകരണവുമാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നത്.  നടപ്പുസാമ്പത്തിക വർഷം പരമാവധി കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന്

സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ നിന്നും രണ്ട് കോളനികളെ തെരഞ്ഞെടുത്തുകൊണ്ട് ഭരണാനുമതി നൽകിയെങ്കിലും ടി ശീർഷകത്തിൽ നിന്നും ബജറ്റ് വിഹിതം ചെലവഴിക്കാനായിട്ടില്ല. ടി സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 2-7-2024-ലെ എ 1/99/2023/ പി.വി.വി.വ. നമ്പർ കത്ത്]

**ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

**സാമൂഹ്യനീതി വകുപ്പ്**

ഖണ്ഡിക-38

2235-02-101-89—ഭിന്നശേഷിക്കാരുടെ ക്ഷേമം - ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ, അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75.6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ 2235-02-101-89 ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നുവെങ്കിലും വിഭവ ലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഓർഫനേജ് കൺട്രോൾ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 25-6-2024-ലെ എ 3/104/2024/സാ.നി.വ. നമ്പർ കത്ത്]

ഖണ്ഡിക - 39

2235-02-101-85—ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്

മൂകരും ബധിരരുമായവർക്ക് പുനരധിവാസം നൽകുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സ്ഥാപനത്തിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണത്തിനുള്ള ലാൻഡ് ഡെവലപ്മെന്റ് വർക്കിനും കൺസൾട്ടൻസി ചാർജിനും കൂടാതെ NIPMR ഏർലി ഇന്റർവെൻഷൻ സെന്റർ ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.7329 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തെ 2235-02-101-85-പ്ലാൻ എന്ന ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരുന്ന 18.93 കോടി രൂപയിൽ 12.10 കോടി രൂപ മാത്രമാണ് നിഷിന് റിലീസ് ചെയ്ത് നൽകിയത്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുകയുണ്ടായില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 29-6-2024-ലെ എ 2/132/2024/സാ.നി.വ. നമ്പർ കത്ത്]

ഖണ്ഡിക -40

2235-02-101-69-10—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം- ഫിസിക്കൽ മെഡിസിന്റേയും റീഹാബിലിറ്റേഷന്റേയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സഹായം

വൈകല്യങ്ങൾ പ്രാരംഭ ദശയിൽ തന്നെ കണ്ടെത്തി ഇടപെടലുകൾ നടത്തുകയും, പരിപാലനവും പുനരധിവാസവും ഗവേഷണവും ഉൾപ്പെടെയുള്ള ഉന്നത നിലവാരത്തിലുള്ള സേവനങ്ങൾ, വൈകല്യങ്ങളുള്ള മുതിർന്നവർക്കും കുട്ടികൾക്കും നൽകുന്ന സ്ഥാപനമാണ് നിപ്മർ. വിവിധതരം വൈകല്യങ്ങളെ അതിജീവിക്കുന്നതിന് ആവശ്യമായ രീതിയിൽ ഇടപെടുന്നതിനും പരിശീലിക്കുന്നതിനും പുനരധിവാസത്തിനും അത്യാധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭിന്നശേഷി സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായുള്ള 3D PRINTING സംവിധാനത്തിനായി 5 കോടി രൂപയോളം ആവശ്യമാണ്. ആയതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ. വ. നമ്പർ കത്ത്]

ഖണ്ഡിക - 41

2235-02-101-68—ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡുകൾ വിതരണം ചെയ്യുന്നതിനായി വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, കൂടാതെ ഡി.എം.ഒ. തലത്തിൽ കെട്ടികിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഒരു ഡോക്ടറും ഡേറ്റാ എൻട്രി ഓപ്പറേറ്ററും അടങ്ങുന്ന സംഘത്തെ എല്ലാ ഡി.എം.ഒ. ഓഫീസുകളിലും നിയോഗിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമായി വന്നില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 22-6-2024-ലെ ബി2/123/2023-സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക-42

2235-02-101-66—ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭിന്ന വൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി- നിരാമയ

ഈ പദ്ധതി പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നിവ ബാധിച്ചവർക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് കവറേജ് നൽകി വരുന്നു. LLC, SNAC പ്രവർത്തനങ്ങൾക്കും നിലവിലുള്ള നിരാമയ ഗുണഭോക്താക്കളുടെയും പുതുതായി ചേർക്കുന്ന ഗുണഭോക്താക്കളുടെയും പ്രീമിയം അടയ്ക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

11-4-2023 തീയതി ചേർന്ന സംസ്ഥാന ആസൂത്രണ സമിതി യോഗത്തിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള പദ്ധതികൾ/ചികിത്സാ ധനസഹായം/മെഡിക്കൽ ഇൻഷ്വറൻസ് എന്നിവ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ലയിപ്പിച്ച് കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. 2023-24 വർഷം മുതൽ സാമൂഹ്യ നീതി വകുപ്പിന് നിരാമയ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

[സാമൂഹ്യനീതി (ബി) വകുപ്പിന്റെ 22-6-2024-ലെ ബി2/123/2023-സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക-43

2235-02-104-97—സംരക്ഷണ കേന്ദ്രങ്ങൾ

സംരക്ഷണകേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള മുഴുവൻ ഗ്രാന്റും കൊടുത്ത് തീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 17.36 ലക്ഷം രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 10.75 ലക്ഷം രൂപയും കോർപ്പറേഷൻ ശീർഷകത്തിൽ 12.44 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40.55 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-2024 സാമ്പത്തിക വർഷത്തെ 2235-02-104-97-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമേ അധിക തുക കൂടി വകയിരുത്തണമെന്ന് അഭ്യർത്ഥിച്ച് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ, വിഭവ ലഭ്യതയുടെ അഭാവത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രൊപ്പോസൽ ഈ സാമ്പത്തികവർഷം സമർപ്പിക്കാൻ ഓർഫനേജ് കൺട്രോൾ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 21-6-2024-ലെ എ 3/104/2024/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക -44

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്-സഹായധനം-ശമ്പളം

ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, ബോർഡ് അംഗങ്ങൾക്കും കൗൺസിലർ മാർക്കും ഓണറേറിയം,

യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2235-02-104-89-(31) എന്ന ശീർഷകത്തിൽ 85.81 ലക്ഷം രൂപയും 2235-02-104-89-(36) എന്ന ശീർഷകത്തിൽ 13.98 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 99.79 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-2024 സാമ്പത്തിക വർഷം 2235-02-104-89-31 നോൺ പ്ലാൻ എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി 69,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 21-6-2024-ലെ എ 3/104/2024/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക-45

2235-02-107-98-(36)—സന്നദ്ധ സംഘടനകൾക്കുള്ള സഹായം-സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം- ശമ്പളേതരം

2023-24 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് മുനിസിപ്പാലിറ്റി ശീർഷകത്തിൽ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.9461 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-2024 സാമ്പത്തിക വർഷം 2235-02-107-98-36 നോൺ പ്ലാൻ ശീർഷകത്തിൽ  നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ അധിക തുക കൂടി വകയിരുത്തണമെന്ന് അഭ്യർത്ഥിച്ച് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ വിഭവ ലഭ്യതയുടെ അഭാവത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചില്ല. പ്രസ്തുത പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം സമർപ്പിക്കാൻ ഓർഫനേജ് കൺട്രോൾ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 21-6-2024-ലെ എ 3/104/2024/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക - 46

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

കോർപ്പറേഷന്റെ ഭരണചെലവുകൾക്ക് പ്രതിവർഷം 1.5 കോടിയോളം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച 35 ലക്ഷം രൂപയിൽ 22 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയുണ്ടായില്ല.

[സാമൂഹ്യനീതി (എ) വകുപ്പിന്റെ 21-6-2024-ലെ എ 3/104/2024/സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക-47

2235-60-200-72(02)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസകിരണം)

തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന ടി പദ്ധതി പ്രകാരം നിലവിലെ ഗുണഭോക്താക്കൾക്ക് 2021 സെപ്റ്റംബർ മാസം മുതൽ 2023 മാർച്ച് മാസം വരെയുള്ള കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിനും, പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70.8 കോടി അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക -48</u>

2235-60-200-72(07)—— <u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-വയോമിത്രം</u>

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്ന പ്രസ്തുത പദ്ധതി പ്രകാരമുള്ള സേവനം 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 5 ബ്ലോക്കുകളിലും ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.4416 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക- 49</u>

2235-02-800-98——<u>മിശ്ര വിവാഹങ്ങൾ</u>

മിശ്ര വിവാഹിതർക്ക് നൽകി വരുന്ന ധനസഹായത്തിന്റെ 2021 വരെയുള്ള കുടിശ്ശിക വിതരണത്തിനായി 2022-2023 വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 10.689 കോടി രൂപ ചെലവഴിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിരുന്നുവെങ്കിലും 1.11 കോടി രൂപ മാത്രമാണ് ബജറ്റിൽ വകയിരുത്തിയിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ടി അപേക്ഷകൾക്ക് കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.579 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ.വ. നമ്പർ കത്ത്]

ഖണ്ഡിക - 50

4235-02-102-88—ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ചുവരുന്നു. മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്ക് കൂടി പണം അനുവദിക്കുവാനുള്ളതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ.വ. നമ്പർ കത്ത്]

**വനിതാ ശിശുവികസന വകുപ്പ്**

ഖണ്ഡിക -51

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര വിഹിതം ലഭ്യമല്ലാത്ത ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും സംസ്ഥാന ചെലവിനത്തിൽ വഹിക്കുന്നതിന്റെ ഭാഗമായി ICDS പദ്ധതിയുടെ ശമ്പളശീർഷകത്തിൽ നിന്നും ശമ്പളവും അലവൻസുകളും മാറി വന്നിരുന്ന ഡയറക്ടറേറ്റിലെ 110 ജീവനക്കാർക്ക് കൂടി ഈ ശീർഷകത്തിൽ നിന്നും ശമ്പളവും അലവൻസുകളും മാറി നൽകാൻ സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12.0282 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം Additional Authorization മുഖേന 17,90,000 രൂപയും ധനപുനർവിനിയോഗം വഴി 11,10,000 രൂപയും ചേർത്ത് ആകെ 29,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[വനിതാ ശിശു വികസന (ബി) വകുപ്പിന്റെ 10-6-2024-ലെ വ.ശി.വി.വ.-ബി2/193/2023-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -52

2235-02-102-36(02)—ഒ.ആർ.സി. ഉൾപ്പെടെയുള്ള നൂതനപദ്ധതികൾ- കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി

സംസ്ഥാനത്ത് കരുതലും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ മുൻകൂട്ടി കണ്ടെത്തി സുരക്ഷ ഒരുക്കുന്നതിനും, അതിക്രമസാധ്യത മുൻകൂട്ടി കണ്ടെത്തി പ്രതിരോധത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും, 18 വയസ്സ് പൂർത്തിയായി സ്ഥാപനങ്ങളിൽ നിന്നും പുറത്താവുകയും എന്നാൽ ആഫ്റ്റർ കെയർ ഹോമിൽ ഉൾപ്പെടാത്തതുമായ 25% പേർക്ക് അവർ പഠിക്കുന്ന കോഴ്സ് പൂർത്തിയാക്കുന്നതു വരെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനും, വിജ്ഞാന ദീപ്തി എന്ന പദ്ധതിയിൽ സ്പോൺസർഷിപ്പ് തുക അനുവദിക്കുന്നതിനും, കോവിഡ് മഹാമാരി മൂലം അച്ഛനോ അമ്മയോ നഷ്ടപ്പെട്ട കുട്ടികളെ സ്പോൺസർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

[വനിതാ ശിശുവികസന (സി) വകുപ്പിന്റെ 14-3-2024-ലെ WCD-C2/100/2023-WCD നമ്പർ കത്ത്]

ഖണ്ഡിക -53

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ് - അംശദാനം

ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2022-23 വർഷത്തേക്ക് ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ്

എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,99,012 രൂപ ആവശ്യമായി വരുന്നു. ഇതിനു പുറമെ 2018-19 വർഷത്തെ ഭരണചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 94.31 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

[വനിതാ ശിശുവികസന (സി) വകുപ്പിന്റെ 23-2-2024-ലെ WCD-C3/100/2023-WCD നമ്പർ കത്ത്]

<u>ഖണ്ഡിക - 54</u>

2235-02-103-90(02)—<u>സ്ത്രീശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി -കേരള വനിതാ വികസന കോർപ്പറേഷൻ</u>

ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

[വനിതാ ശിശുവികസന (ബി) വകുപ്പിന്റെ 10-6-2024-ലെ വ.ശി.വി.വ.-ബി2/193/2023-വ.ശി.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക -55</u>

2235-02-103-89—<u>വനിതകൾക്കു വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ</u>

നഴ്സുമാർ, പാരമെഡിക്കുകൾ, ഫാർമസിസ്റ്റുകൾ, ഐ.ടി/ബാങ്കിംഗ് പ്രൊഫഷണലുകൾ തുടങ്ങി വിദഗ്ധരായ വനിതാ തൊഴിലാളികൾക്ക് വിദേശത്ത് ഒരു ഗ്ലോബൽ കരിയർ ഫെയർ സംഘടിപ്പിക്കുന്നതിനും, റിസെർച്ച് സാറ്റലൈറ്റ് സെന്റർ സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

[വനിതാ ശിശുവികസന (ബി) വകുപ്പിന്റെ 10-6-2024-ലെ വ.ശി.വി.വ.-ബി2/193/2023-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക-56

2235-02-103-80—ജെൻഡർ പാർക്ക്

കോഴിക്കോടുള്ള ജെൻഡർ പാർക്ക് ക്യാമ്പസ്സിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ കുടിശ്ശിക നൽകുന്നതിനായും, ഭരണപരമായ ചെലവുകൾക്കും, വനിതകളുടെ നൈപുണ്യവികസനം, സംരഭകത്വവികസനം, ലിംഗസമത്വം എന്നിവ ലക്ഷ്യം വച്ചുകൊണ്ടുള്ള പരിപാടികൾക്കും, ജെൻഡർ ഹെറിട്ടേജ് മ്യൂസിയത്തെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ജെൻഡർ ജ്യൂറിസ്പ്രുഡെൻസ് കേന്ദ്രം, ജെൻഡർ ലൈബ്രറി, ഡോക്യുമെന്റേഷൻ സെന്റർ എന്നിവയുടെ വികസനത്തിനും, ജെൻഡർ ഡേറ്റാ ഹബ്ബിനും, വകുപ്പിന് സഹായകരമായ ഗവേഷണവും പഠനവും നടത്തുന്ന സ്ഥാപനമായി ജെൻഡർ പാർക്കിനെ വികസിപ്പിക്കുന്നതിനും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ, ലിംഗ അവബോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കും നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.6892 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

[വനിതാ ശിശുവികസന (ബി) വകുപ്പിന്റെ 10-6-2024-ലെ വ.ശി.വി.വ.-ബി2/193/2023-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -57

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനും 2023-24

സാമ്പത്തിക വർഷം ധനസഹായം അനുവദിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

"പടവുകൾ" പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനായി വനിതാ ശിശു വികസന ഡയറക്ടറുടെ 25-5-2023-ലെ DWCD/2006/2023-A3(3) നമ്പർ കത്ത് പ്രകാരം 3,11,58,180 രൂപയുടെ അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതി വിഹിതത്തിനു ഉപരിയായി ചെലവ് അനുവദിക്കുവാൻ കഴിയില്ല എന്ന കാരണത്താൽ അധിക ധനാനുമതി പരിഗണിച്ചില്ല.

[വനിതാ ശിശുവികസന (എ) വകുപ്പിന്റെ 9-5-2024-ലെ വ.ശി.വി.വ.-എ 3/43/2023-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -58

2235-02-103-57—അക്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി

ലൈംഗിക കുറ്റകൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ഗാർഹിക ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ അതിക്രമങ്ങൾക്ക് ഇരകളാകുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

[വനിതാ ശിശുവികസന (ബി) വകുപ്പിന്റെ 10-6-2024-ലെ വ.ശി.വി.വ.-ബി2/193/2023-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക -59

2235-02-104-99—ശ്രീ ചിത്രാ ഹോം സഹായധനം

ശ്രീചിത്രാ ഹോം ജീവനക്കാർക്ക് 2023-24 സാമ്പത്തിക വർഷം പേറിവിഷൻ അനുവദിച്ച് ശമ്പളം നൽകുന്നതിനും, ശ്രീചിത്രാ ഹോമിന്റെ അടിസ്ഥാന സൗകര്യ

വികസനത്തിനും, കുമാരപുരത്തുള്ള 1 ഏക്കർ ഭൂമിയിൽ രോഗീ സൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിടം, മാതൃശിശു പുനരധിവാസ ഷോർട്ട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 2235-02-104-99-31 എന്ന ശീർഷകത്തിൽ 36 ലക്ഷം രൂപയും 2235-02-104-99-35 എന്ന ശീർഷകത്തിൽ 60 കോടി രൂപയും 2235-02-104-99-36 എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 60.96 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിച്ചിട്ടില്ല.

[വനിതാ ശിശുവികസന (സി) വകുപ്പിന്റെ 23-2-2024-ലെ WCD-C3/100/2023-WCD നമ്പർ കത്ത്]

ഖണ്ഡിക - 60

2235-02-190-99—കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ വനിതാ സംരംഭകരുടെയും ഇന്നോവേറ്റേഴ്സിന്റെയും പാർക്ക് സ്ഥാപിക്കുന്നതിന് ഈ ശീർഷകത്തിൽ 2.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

[വനിതാ ശിശുവികസന (ബി) വകുപ്പിന്റെ 10-6-2024-ലെ വ.ശി.വി.വ.-ബി2/193/2023-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക-61

2235-60-200-72-11—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2021-22 അദ്ധ്യായന വർഷം മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ

34 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല.

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ.വ. നമ്പർ കത്ത്]

<u>ഖണ്ഡിക - 62</u>

2235-60-200-72-21 —<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി - പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി</u>

ടൈപ്പ് - I പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ബൃഹത് പദ്ധതിയായ മിഠായിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അനുവദിച്ചിട്ടില്ല

[സാമൂഹ്യനീതി (സി) വകുപ്പിന്റെ 15-6-2024-ലെ സാ.നീ.വ.-സി2/198/2023-സാ.നീ.വ. നമ്പർ കത്ത്]

**പൊതുഭരണ വകുപ്പ്**

<u>ഖണ്ഡിക -63</u>

2235-02-001-87-31—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ- സഹായധനം-ശമ്പളം</u>

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പളം, മറ്റ് അലവൻസുകൾ, ആർജ്ജിത അവധി ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.0855 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ "2235-02-800-87-31 (നോൺ പ്ലാൻ-വോട്ടഡ്)" എന്ന സാലറി ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയ 1,91,45,000 രൂപയ്ക്ക് (ഒരു കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരം രൂപ) പുറമേ 42,82,000 രൂപയ്ക്ക് (നാൽപ്പത്തിരണ്ട് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ) അഡീഷണൽ ഓതറൈസേഷൻ വഴി 1-2-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 503/2024/പൊ.ഭ.വ. പ്രകാരം അനുവദിക്കുകയും, അധികമായി അനുവദിച്ച തുക ശമ്പള ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിരുന്നു.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 3-7-2024-ലെ സി.ഡി.എൻ.3/123/2024/ പൊ.ഭ.വ. നമ്പർ കത്ത്]

ഖണ്ഡിക -64

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

2019-20 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ ഏറെ ജനശ്രദ്ധപിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് ഈ സാമ്പത്തിക വർഷം 2 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. കൂടാതെ മുന്നാക്ക സമുദായങ്ങളിലെ ജീർണ്ണിച്ച അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഭവന സമുന്നതി പദ്ധതി, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻപ്രകാരം EWS-ൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാകത്തക്കവിധം ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി മംഗല്യ സമുന്നതി പദ്ധതിക്ക് 3 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 8 കോടി രൂപയും ഉൾപ്പെടെ ആകെ 11 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മംഗല്യ സമുന്നതി പദ്ധതിയ്ക്ക് 2023-2024 സാമ്പത്തിക വർഷം 2235-02-190-97 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 40 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തിരുന്നത്. ടി തുക വിതരണം ചെയ്തു. ഭവന സമുന്നതി പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷം EWS-ൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങളുടേയും ഭവന പുനരുദ്ധാരണത്തിനുമായി 2235-02-190-97 എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും 245 ലക്ഷം രൂപ മാത്രമാണ് റിലീസ് ചെയ്തിരുന്നത്. ടി തുക വിതരണം ചെയ്തു.

ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ടി പദ്ധതികൾക്കായി തുക അനുവദിക്കേണ്ട സാഹചര്യം സംജാതമാകുകയുണ്ടായില്ല.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 24-5-2024-ലെ സി.ഡി.എൻ.4/54/2024-പൊ.ഭ.വ നമ്പർ കത്ത്]

ഖണ്ഡിക -65

2235-02-190-97—കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനിൽ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നിലവിൽ വന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ അനുവദിച്ചിരുന്ന 46.83 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ചതിനെ തുടർന്ന് ടി ഇനത്തിലെ ചെലവുകൾക്കായി അധികധനാനുമതിക്കായി ഉപക്ഷേപം സമർപ്പിക്കുകയും, തുടർന്ന് 6.61 ലക്ഷം രൂപ അധിക ധനാനുമതിയായി ലഭ്യമാക്കുകയുമുണ്ടായി.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 24-5-2024-ലെ സി.ഡി.എൻ.4/54/2024-പൊ.ഭ.വ. നമ്പർ കത്ത്]

**സൈനിക ക്ഷേമ വകുപ്പ്**

ഖണ്ഡിക -66

2235-60-200-85—സൈനിക കേന്ദ്രം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണിക്കും രാജ്യ സൈനിക ബോർഡിന് സഹായം

കൊല്ലം തേവള്ളിയിൽ സൈനിക റെസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.1010 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

25-7-2023-ലെ സ.ഉ.(കൈ) നമ്പർ 21/2023/SWD ഉത്തരവ് പ്രകാരം സൈനിക റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സൈനിക റെസ്റ്റ് ഹൗസുകളുടെ നിർമ്മാണപ്രവൃത്തികൾക്കുള്ള 50% ഫണ്ട് കേന്ദ്രീയ സൈനിക് ബോർഡിൽ നിന്നും ബാക്കി 50% കേരള സർക്കാരിൽ നിന്നുമാണ് ചെലവാക്കുന്നത്. എസ്റ്റിമേറ്റിൽ മഴവെള്ളസംഭരണി, അഗ്നിരക്ഷാ സംവിധാനം, ഭിന്നശേഷി സൗഹൃദ സംവിധാനം എന്നിവ ഉൾപ്പെടുത്തണമെന്നും കേന്ദ്രീയ സൈനിക് ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് നിലവിലെ എസ്റ്റിമേറ്റിൽ മഴവെള്ളസംഭരണി, അഗ്നിരക്ഷാ സംവിധാനം, ഭിന്നശേഷി സൗഹൃദ സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയവ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രീയ സൈനിക് ബോർഡിന്റെ അംഗീകാരം ഒരിക്കൽകൂടി ലഭ്യമാക്കേണ്ടതുണ്ട്.

സൈനിക് റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം " 2235-60-200-85" എന്ന ശീർഷകത്തിൽ ബജറ്റ് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

[സൈനിക ക്ഷേമ (എ) വകുപ്പിന്റെ 5-6-2024-ലെ SW3/88/2023-SWD നമ്പർ കത്ത്]

<u>ഖണ്ഡിക -67</u>

2235-60-200-77—<u>വിമുക്തഭടന്മാർക്കും വിധവകൾക്കും വേണ്ടിയുള്ള പരിശീലനം (പ്ലാൻ)</u>

സൈനിക ക്ഷേമ ഡയറക്ടറേറ്റിലും ജില്ലാസൈനിക ക്ഷേമ ഓഫീസുകളിലും ഉപയോഗിക്കുന്ന ഭൂരിഭാഗം കമ്പ്യൂട്ടറുകളും അഞ്ച് വർഷത്തിലേറെ പഴക്കമുള്ളവയാണ്. ടി ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 2235-60-200-77- വിമുക്തഭടന്മാർക്കും വിധവകൾക്കും വേണ്ടിയുള്ള പരിശീലനം (പ്ലാൻ) ശീർഷകത്തിൽ നിന്നും 29,47,655 രൂപ വിമുക്തഭടന്മാർക്കും വിധവകൾക്കും വേണ്ടിയുള്ള പരിശീലനത്തിന് വേണ്ടി വിനിയോഗിക്കുകയുണ്ടായി.

സൈനിക ക്ഷേമ ഡയറക്ടറേറ്റിലും ജില്ലാസൈനിക ക്ഷേമ ഓഫീസുകളിലും ഉപയോഗിക്കുന്ന ഭൂരിഭാഗം കമ്പ്യൂട്ടറുകളും അഞ്ച് വർഷത്തിലേറെ പഴക്കമുള്ളവയാണ്. ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ സൈനിക ക്ഷേമ ഡയറക്ടർ സമർപ്പിച്ചിരുന്നു. സൈനികക്ഷേമ വകുപ്പിൽ ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കുന്നതിനായി അത്യാവശ്യം വേണ്ട കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ മാത്രം

കൃത്യമായി identify ചെയ്ത് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ സൈനിക ക്ഷേമ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രൊപ്പോസൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

[സൈനിക ക്ഷേമ (എ) വകുപ്പിന്റെ 5-6-2024-ലെ SW3/88/2023-SWD നമ്പർ കത്ത്]

ഖണ്ഡിക -68

2235-60-200-71 —ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം - ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 6 കോടി 47 ലക്ഷം രൂപ സർക്കാരിൽ നിന്നും നാളിതുവരെയും ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം അഡീഷണൽ ഓതറൈസേഷൻ വഴി 2235-60-200-71 (നോൺ പ്ലാൻ) ശീർഷകത്തിൽ ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. ജയ് ജവാൻ ലോട്ടറിയുടെ അറ്റാദായമിനത്തിൽ സൈനിക ക്ഷേമ വകുപ്പിന് 2235-60-200-71 (നോൺ പ്ലാൻ) ശീർഷകത്തിൽ നാളിതുവരെ 7.5 കോടി രൂപ അനുവദിച്ച് ലഭ്യമായിട്ടുണ്ട്.

[സൈനിക ക്ഷേമ (എ) വകുപ്പിന്റെ 5-6-2024-ലെ SW3/88/2023-SWD നമ്പർ കത്ത്]

(ഖണ്ഡിക - 69)

2235-60-200-61—ഇന്ത്യൻ മിലിറ്ററി/ഓഫീസേഴ്സ് ട്രെയിനിംഗ്/എയർഫോഴ്സ്/നേവൽ അക്കാഡമി/ആംഡ്ഫോഴ്സ് മെഡിക്കൽ കോളേജ് ആന്റ് ആർമി നഴ്സിംഗ് സ്കൂൾസ് എന്നിവയിൽ നിന്നും പാസ്സ് ഔട്ടായി വരുന്ന കേരളത്തിൽ നിന്നുള്ള കേഡറ്റ്സിന് ഒറ്റത്തവണ സ്കോളർഷിപ്പ്.

ഇന്ത്യൻ ആർമി/നേവി/എയർഫോഴ്സുകളിലേക്ക് കേരളത്തിൽ നിന്ന് Commissioned Officers ആയി രാജ്യ സേവനത്തിന് പോകുന്നവർക്ക് പ്രോത്സാഹനമായി 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിത്. മുൻവർഷം ലഭ്യമായ 70 അപേക്ഷകളിന്മേലും നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകൾക്കും ധനസഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 2.4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷം 2235-60-200-61(നോൺ പ്ലാൻ) ശീർഷകത്തിൽ 1,20,00,000 രൂപ അധികമായി അനുവദിക്കുകയും 60 അപേക്ഷകർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രസ്തുത തുക മുഴുവനായി വിനിയോഗിക്കുകയും ചെയ്തു.

[സൈനിക ക്ഷേമ (എ) വകുപ്പിന്റെ 5-6-2024-ലെ SW3/88/2023-SWD നമ്പർ കത്ത്]

**ആഭ്യന്തര വകുപ്പ്**

ഖണ്ഡിക - 70

2235-02-106-98 — ദുർഗുണപരിഹാര പാഠശാല

ദുർഗുണ പരിഹാര പാഠശാലയിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, എന്നിവയിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2235-02-106-98 ദുർഗുണ പരിഹാര പാഠശാല 05 ഓഫീസ് ചെലവുകൾ 1 വെള്ളക്കരം ശീർഷകത്തിൽ 5-12-2023 തീയതിയിലെ G.O.(Rt) No. 8543/2023/FIN ഉത്തരവ് പ്രകാരം 61,000 രൂപയും, 19-1-2024 തീയതിയിലെ G.O.(Rt) No. 543/2024/FIN ഉത്തരവ് പ്രകാരം 50,000 രൂപയും, 2235-02-106-98 ദുർഗുണ പരിഹാര പാഠശാല 05 ഓഫീസ് ചെലവുകൾ 2 വൈദ്യുതി ചെലവ് ശീർഷകത്തിൽ 19-2-2024 തീയതിയിലെ G.O.(Rt) No. 1509/2024/FIN ഉത്തരവ് പ്രകാരം 50,000 രൂപയും അധികമായി അനുവദിക്കുകയും, ടി തുകകൾ ഏകദേശം പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

[ആഭ്യന്തര (ബി) വകുപ്പിന്റെ 20-5-2024-ലെ നമ്പർ ബി2/153/2023/ആഭ്യന്തരം നമ്പർ കത്ത്]

ഖണ്ഡിക -71

4235-02-106-96 — തടവുകാരുടെ ക്ഷേമം

പ്രസ്തുത സ്കീമിൽ വളരെ അത്യാവശ്യമായി ചെയ്യേണ്ടുന്ന വിവിധ പ്രവൃത്തികളായ ജയിലുകളിലെ അടുക്കള നവീകരണം, ജലവിതരണ പ്രവൃത്തികൾ, മഴവെള്ള സംഭരണം, മലിനജലശുദ്ധീകരണ പ്രവൃത്തികൾ, ടോയ്‌ലെറ്റ് നിർമ്മാണം, കെട്ടിടങ്ങളുടെ

പരിപാലനം, ജനറേറ്റർ സ്ഥാപിക്കൽ, തൊഴിൽ പരിശീലന യൂണിറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.87 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2023-24-ലെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ '4235-02-106-96 പ്ലാൻ' എന്ന ശീർഷകത്തിൽ 324 ലക്ഷം രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുക വിനിയോഗിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിനായി തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്.

- കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം (ആദ്യ ഘട്ടം) - 303.18 ലക്ഷം രൂപ
- സന്ദർശകർക്കുള്ള വിശ്രമമുറി നിർമ്മാണം, സ്പെഷ്യൽ സബ് ജയിൽ, കോഴിക്കോട് - 6.52 ലക്ഷം രൂപ
- സന്ദർശകർക്കുള്ള ടോയ്‌ലെറ്റ് നിർമ്മാണം, ജില്ലാ ജയിൽ, വിയ്യൂർ – 6 ലക്ഷം രൂപ
- തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലെ ട്രാൻസ് ജെൻഡർ ബ്ലോക്കിന് വരാന്ത, പോർച്ച്, ഇന്റർലോക്കിംഗ് ടൈൽ എന്നിവ ചെയ്യുക - 8.30 ലക്ഷം രൂപ

ടി ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 324 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ വനിതാ ജയിലിലെ മതിലിൽ സുരക്ഷയുടെ ഭാഗമായി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപ ടി ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത തുക 25-3-2024 തീയതിയിലെ G.O.(Rt) No.3029/2024/FIN ഉത്തരവ് പ്രകാരം അധികമായി അനുവദിച്ച് ഉത്തരവായിരുന്നെങ്കിലും സാമ്പത്തിക വർഷം അവസാനമായതിനാൽ തുക ചെലവഴിക്കാൻ സാധിച്ചിരുന്നില്ല.

സബ്ജക്റ്റ് കമ്മിറ്റി പ്രൊപ്പോസലിൽ അധിക തുക വകയിരുത്തുന്നതിനായി ശിപാർശ ചെയ്തിരുന്ന ജയിലുകളിലേക്ക് ജനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ പ്രവൃത്തിക്ക് ആവശ്യമായ 46.58 ലക്ഷം രൂപ 2023-24 സാമ്പത്തിക വർഷത്തെ 2235-02-106-92 പ്ലാൻ എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അടുക്കള നവീകരണം, ടോയ്‌ലെറ്റ് നിർമ്മാണം, കെട്ടിടങ്ങളുടെ

പരിപാലനം പോലെയുള്ള അടിയന്തര പ്രവൃത്തികൾക്കാവശ്യമായ തുക 2056-00-001-98-17 ചെറുകിടമരാമത്ത് പണികൾ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ശിപാർശ ചെയ്തിരുന്ന മറ്റു പ്രവൃത്തികൾ വരും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്നതാണ്.

[ആഭ്യന്തര (ബി) വകുപ്പിന്റെ 20-5-2024-ലെ നമ്പർ ബി2/153/2023/ആഭ്യന്തരം നമ്പർ കത്ത്]

സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിലെ എല്ലാ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കുകയും ആയത് സമിതി പരിഗണിക്കുകയും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**ഒ. ആർ. കേളു,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2024, ജൂലൈ 4.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.